AIR INDIA express Simply PriceLess

# ഡാലസ് സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ ലൈഫ് സെന്ററിന്റെയും ഇംഗ്ലീഷ് ചാപ്പലിന്റെയും കൂദാശ

ജോർജ് കറുത്തേടത്ത്
FEBRUARY 05, 2020 02:42 PM IST

ഡാലസ് ● അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിലുൾപ്പെട്ട ഡാലസ് സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ ലൈഫ് സെന്ററിന്റെയും ഇംഗ്ലീഷ് ചാപ്പലിന്റെയും കൂദാശ കർമ്മം ഫെബ്രുവരി 7,8 (വെള്ളി, ശനി) ദിവസങ്ങളിൽ, ഭദ്രാസനാധിപൻ അഭിവന്ദ്യ യൽദൊ മോർ തീത്തോസ് മെത്രാപൊലീത്തായുടെ മഹനീയ സാന്നിദ്ധ്യത്തിൽ നടത്തപ്പെടും.

നാലു പതിറ്റാണ്ടുകൾക്ക് മുൻപ് യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ ആരാധനാ സൗകര്യത്തിനായി ഡാലസിന്റെ ഹൃദയഭാഗത്ത് തുടക്കം കുറിച്ച സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ അതിന്റെ വളർച്ചയുടെ പടവുകൾ ഒന്നൊന്നായി താണ്ടി ഇന്ന് ഡാലസിലെ പ്രധാന ദേവാലയങ്ങളിലൊന്നായി നിലകൊള്ളുന്നു.

കത്തീഡ്രലിന്റെ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി, വരും തലമുറയ്ക്ക് വി:ആരാധനയിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഇംഗ്ലീഷിൽ വി: ആരാധന നടത്തുന്നതിനുമുള്ള പ്രത്യേക ഇംഗ്ലീഷ് ചാപ്പൽ, മുതിർന്ന പൗരന്മാർക്കായി അവരുടെ വിശ്രമവേളകൾ കൂടുതൽ സന്തോഷപ്രദവും, ഉല്ലാസപ്രദവുമാക്കുന്നതിനുള്ള പ്രത്യേക ക്രമീകരണങ്ങൾ, സൺഡേ സ്കൂൾ കുട്ടികൾക്കായി ആധുനിക സൗകര്യങ്ങളോടുകൂടിയ ക്ലാസ്സ് മുറികൾ, തുടങ്ങിയ വിവിധ പദ്ധതികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കെട്ടിട സമുച്ചയമാണ് കത്തീഡ്രലിനോട് സമീപമായി പണി പൂർത്തീകരിച്ച് കൂദാശയ്ക്കായി ഒരുക്കിയിട്ടുള്ളത്. 3 വർഷങ്ങൾക്കു മുമ്പ്, അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിൽ തന്നെ, ഇംഗ്ലീഷ് ആരാധനയ്ക്ക് മാത്രമായി ഒരു ചാപ്പലിന് തുടക്കം കുറിക്കുകയും തുടർന്ന് 'സെന്റ് ഇഗ്നേഷ്യസ് ഇംഗ്ലീഷ് ചാപ്പൽ' എന്ന പേരിൽ സ്വന്തമായി ചാപ്പൽ ആരംഭിക്കുകയും ചെയ്യുന്ന പ്രഥമ ദേവാലയമാണ് സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ

എന്നത് ഏറെ ശ്രദ്ധേയമാണ്. ആറായിരത്തോളം സ്‌ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള അതിമനോഹരമായ കെട്ടിടം ഒരു വർഷത്തിനുള്ളിൽ തന്നെ, പണി പൂർത്തീകരിക്കുവാൻ സാധിച്ചത് ദൈവത്തിന്റെ അളവറ്റ കൃപയും, അംഗങ്ങളുടെ അശ്രാന്ത പരിശ്രമവും ആത്മാർത്ഥമായ സഹായസഹകരണങ്ങളും ഒന്നു കൊണ്ട് മാത്രമാണെന്ന് ബിൽഡിങ് കമ്മറ്റി കൺവീനർ അലക്സ് ജോർജ് അഭിപ്രായപ്പെട്ടു.

ഫെബ്രുവരി 7 നു വൈകിട്ട് 6.15 ന് കത്തീഡ്രലിലെ ധൂപ പ്രാർത്ഥനയ്ക്കു ശേഷം, അഭിവന്ദ്യ മെത്രാപൊലീത്തായെ സ്വീകരിച്ച് ചാപ്പലിലേക്ക് ആനയിക്കും. തുടർന്ന് സന്ധ്യാപ്രാർഥനയ്ക്കു ശേഷം വി: മൂറോൻ അഭിക്ഷേക ശുശ്രൂഷ നടത്തപ്പെടും. വന്ദ്യ വൈദീകരും നൂറു കണക്കിന് വിശ്വാസികളും ഈ അനുഗ്രഹീത ചടങ്ങിൽ പങ്കുചേരും.

8 നു (ശനി) രാവിലെ 8.30 ന് പ്രഭാതപാർഥനയും 9 മണിക്ക് അഭിവന്ദ്യ മെത്രാപൊലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വി: ബലി അർപ്പണവും നടക്കും. തുടർന്നു നടക്കുന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ മെത്രാപൊലീത്താ അധ്യക്ഷത വഹിക്കും.

സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രലിന്റെ ചരിത്രത്തിന്റെ ഏടുകളിൽ ഒരു നാഴിക കല്ലായി, എന്നെന്നും സ്മരിക്കപ്പെടുന്ന ഈ ധന്യ മൂഹൂർത്തം വൻ വിജയമാക്കി തീർക്കുവാൻ വികാരി റവ: ഫാദർ. യൽദോ പൈലി, അസിസ്റ്റന്റ് വികാരി റവ:ഡോ.ഫാദർ. രഞ്ജൻ മാത്യു, വൈസ് പ്രസിഡന്റ് സോണി ജേക്കബ്ബ്, സെക്രട്ടറി ബാബു. സി. മാത്യു, ട്രഷറർ ജോസഫ് ജോർജ്, കൺവീനർ അലക്സ് ജോർജ്, ജോ. കൺവീനർ അച്ചു ഫിലിപ്പോസ് എന്നിവരുടെ നേതൃത്വത്തിൽ പള്ളി മാനേജിങ് കമ്മറ്റിയും ചാപ്പൽ കോഓർഡിനേഷൻ അംഗങ്ങളും, ലൈഫ് സെന്റർ നിർമാണ കമ്മറ്റിയും ഒത്തൊരുമിച്ച് ഒരുക്കങ്ങൾ നടത്തി വരുന്നു.


## MORE IN US



ട്രംപിന്റെ പ്രസംഗത്തിന്റെ കോപ്പി പരസ്യമായി കീറി



ട്രംപിനെ ശിക്ഷിക്കണോ വെറുതെ വിടണോ?



യുഎസിൽ വെടിവയ്പിൽ കൊല്ലപ്പെട്ടത്